ച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് അവർ അദ്ദേഹത്തെ കൊണ്ടുപോയെങ്കിലും, ആസ്പത്രിയിലെത്തുംമുമ്പ് അദ്ദേഹം നിശ്ശബ്ദനായി. കാഷ്വാലിററി വാർഡിലെ മേശപ്പുറത്ത് ആ മൃതശരീരം, ഉററവരോ ഉടയവരോ അടുത്തില്ലാതെ ഒട്ടേറെനേരം കിടന്നു. വിവരമറിഞ്ഞ് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ എത്തുമ്പോഴേക്ക്, അടുത്തൊരു മുറിയിലേക്ക് അതു നീക്കപ്പെട്ടിരുന്നു. മരണാനന്തര പരിശോധനകൾക്ക് ശേഷം, അദ്ദേഹം അത്രയും സ്നേഹിച്ചിരുന്ന ഭാരതപ്പുഴയുടെ തീരത്തേക്ക് ഈ കവിയുടെ ഭൗതികാവശിഷ്ടങ്ങൾ കൊണ്ടുപോകുന്ന അവസരത്തിലും, ഏതാനും സാഹിത്യസുഹൃത്തുക്കളല്ലാതെ രക്തബന്ധമുള്ളവർ ആരും അതിനെ അനുഗമിച്ചിരുന്നില്ല. സാധാരണക്കാരിൽ സാധാരണക്കാരനായ ഒരു കേരളീയന്റേതുപോലെയുള്ള അദ്ദേഹത്തിന്റെ മരണത്തെപ്പററി ടെലഫോണിലൂടെ ആദ്യമായി കേട്ടപ്പോൾ എനിക്ക് അഗാധമായ വ്യസനം തോന്നി. പക്ഷേ, പിന്നീട് ഞാൻ ആലോചിച്ചു: തന്റെ മരണത്തിലൂടെ സ്വന്തം വ്യക്തിത്വത്തിന് മകുടം ചാർത്തുകയല്ലേ കുഞ്ഞിരാമൻനായർ ചെയ്തത്. ഓടിക്കൊണ്ടിരിക്കുന്ന ഒരു ടാക്സിയിൽനിന്ന് മററാരുമറിയാതെ ഇറങ്ങിപ്പോവുകയല്ലേ, ജീവിതകാലമത്രയും ഏകാകിയും തനിക്കുതന്നെ അപരിചിതനുമായിരുന്ന ഈ മഹാപഥികനെ സംബന്ധിച്ചിടത്തോളം ഏററവും സ്വാഭാവികം? രോഗബാധിതനായി, കട്ടിലിൽ കിടന്ന്, സ്വകുടുംബാംഗങ്ങളുടെ ശുശ്രൂഷകളേററ്, ബന്ധുമിത്രാദികളുടെ കണ്ണുനീർ കണ്ടുകൊണ്ട് മെല്ലെ മെല്ലെ ഇഹലോകവാസം വെടിയുന്ന കുഞ്ഞിരാമൻനായരുടെ സങ്കല്പചിത്രം—വലിയൊരു പൊരുത്തക്കേട് അതിലില്ലെ! ഇതുവരെയുള്ള അദ്ദേഹത്തിന്റെ ജീവിതത്തിന്റെ നിഷേധം—തികഞ്ഞ ഒരു പതൽപ്രകർഷം (ആന്റി ക്ലൈമാക്സ്) ആകുമായിരുന്നില്ലേ അത്?

29 മെയ്, 1978

# 79. വി. എം. നായർ

കേരളത്തിൽ പ്രശസ്തരായ എത്രയോ പത്രാധിപന്മാരുണ്ടായിട്ടുണ്ട്. അവരിൽ പലർക്കും പത്രപ്രവർത്തനമെന്നാൽ ഭാഷാസേവനമായിരുന്നു. ചിലർക്ക് അതു രാഷ്ട്രീയ പ്രവർത്തനവും സ്വാതന്ത്ര്യസമരവുമൊക്കെയായിരുന്നു. ജനസേവനമാണ് പത്രപ്രവർത്തനമെന്നു കരുതിയവരും കുറവല്ല.

വി. എം. നായർ ഭാഷാഭിമാനിയായിരുന്നു. മറുനാട്ടിൽ നെടുനാൾ താമസിച്ചിട്ടും അവിടത്തെ വ്യവസായജീവിതത്തിൽ ആഴ്ന്നുമുങ്ങിയിട്ടും ധാരാളം പണം സമ്പാദിച്ചിട്ടും അദ്ദേഹം മാതൃഭാഷയെ മറന്നില്ല. മലയാള സാഹിത്യത്തിന്റെ ചരിത്രത്തിൽ നിത്യസ്മരണീയങ്ങളാണ് അദ്ദേഹത്തിന്റെ പത്നിയായ ബാലാമണിയമ്മയുടെയും മകൾ കമലയുടെയും പേരുകൾ. ഇംഗ്ലീഷിലെന്നപോലെ മലയാളത്തിലും ശക്തിയോടെയും ആർജവം വിടാതെയും എഴുതാൻ വി. എം. നായർക്കു കഴിഞ്ഞിരുന്നു. എങ്കിലും പത്രപ്രവർത്തനം അദ്ദേഹത്തിനു മുഖ്യമായും ഭാഷാസേവനമായിരുന്നില്ല.

സ്വാതന്ത്ര്യസമരത്തിൽ നേരിട്ടു പങ്കെടുത്തില്ലെങ്കിലും വി. എം. നായർ തീവ്ര ദേശീയവാദിയായിരുന്നു അതാതു കാലത്തെ പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ സക്രിയമായ താല്പര്യം അദ്ദേഹം പുലർത്തിപ്പോന്നു. ഗാന്ധിയൻ യുഗത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ കേരളത്തി

ലെ രാഷ്ട്രീയപ്രസ്ഥാനങ്ങഠംക്ക് അദ്ദേഹം നൽകിയ പിന്തുണ നിസ്സാരമായിരുന്നില്ല. അമ്പത്തഞ്ചു വയസ്സായി ജോലിയിൽനിന്ന വിരമിച്ച ശേഷം തനിക്ക വിശ്രമത്തിനായി നാട്ടിൻപുറത്ത് അദ്ദേഹം പണിയിച്ച വീടിന്റെ പേർ 'സർവോദയം' എന്നായിരുന്നു. അതൊക്കെയായാലും പത്രപ്രവർത്തനം അദ്ദേഹത്തിന്ന പ്രധാനമായും രാഷ്ട്രീയപ്രവർത്തനവുമായിരുന്നില്ല.

മികച്ച സാദ്ധ്യതകളുള്ള ഒരു ആധുനിക മഹാവ്യവസായമാണ് പത്രപ്രവർത്തനമെന്ന കേരളത്തിൽ ആദ്യമായി കണ്ടറിഞ്ഞവരിലൊരാഠം വി. എം. നായരായിരുന്നു. അദ്ദേഹം 'മാതൃഭൂമി'യുമായി ബന്ധപ്പെട്ടപ്പോഠം മാതൃഭൂമിസ്ഥാപനം വളരെ കുറച്ചു മാത്രം ഷെയർ മൂലധനമുള്ള ഒരു ലിമിററഡ് കമ്പനിയായിരുന്നു. ഭൗതിക വിഭവങ്ങഠം തുലോം കുറവെങ്കിലും ദേശീയപ്രസ്ഥാനത്തിൽ നിർവഹിച്ച അതുല്യമായ പങ്കം, പ്രതിഭാശാലികളായ കുറെയേറെ പത്രാധിപന്മാരുടെയും മററു ജോലിക്കാരുടെയും ആത്മാർപ്പണത്തോടുകൂടിയ സേവനവും ആയിരുന്ന 'മാതൃഭൂമി'യുടെ ആസ്തി. അതു ധാരാളമുണ്ടായിരുന്നുതാനും. കോഴിക്കോട്ട് റോബിൻസൺ റോഡിലെ രണ്ടോ മൂന്നോ സെൻറ് സ്ഥലത്തു്, പഴയ ഒരു രണ്ടുനില കെട്ടിടത്തിൽ, 'മാതൃഭൂമി' അന്ന് ഒതുങ്ങിനിന്നു. ചെറിയ ഒരു റോട്ടറി പ്രസ്സ് അതിനകം അവിടെ പ്രവർത്തിച്ചു തുടങ്ങിയിരുന്നു എന്നതു ശരി തന്നെ. എന്നാൽ, മററു ഉപകരണങ്ങളുടേയോ സ്വത്തുക്കളുടേയോ കാര്യത്തിൽ 'മാതൃഭൂമി'യുടെ നില വളരെ പരുങ്ങലായിരുന്നു.

മാതൃഭൂമിയുടെ പത്രാധിപരും മാനേജിംഗ് ഡയറക്ടരുമായിത്തീർന്ന വി. എം. നായർ ആ പത്രത്തിന്റെ വ്യാവസായിക സാധ്യതകഠം പൂർണമായും കണ്ടറിഞ്ഞു. തന്റെ കൈവശം വന്നുചേർന്നതു് ഒരു സ്വർണഖനിയാണെന്ന വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. അതു് അദ്ദേഹം പറയാറുമുണ്ട്. പക്ഷേ, സ്വർണഖനിയിൽനിന്നു് ആദായമുണ്ടാക്കാനും പ്രവർത്തനമൂലധനം വേണമല്ലോ. ഷെയർ മൂലധനം വർദ്ധിപ്പിക്കാൻ 'മാതൃഭൂമി'യുടെ ഷെയറുടമകഠം തയ്യാറായിരുന്നില്ല. വി. എം. നായർ വളരെ പ്രയാസപ്പെട്ടാണ് മാതൃഭൂമിയുടെ പേരിൽ പ്രിഫറൻസ് ഷെയറുകഠം ഇറക്കിയതു്. ആ വഴിക്കും ബാങ്കകളിൽനിന്ന കടമെടുത്തും അദ്ദേഹം പ്രവർത്തനമൂലധനം നേടി കമ്പനി വികസിപ്പിച്ചു. ആദ്യം തിരുവനന്തപുരവും കോഴിക്കോട്ടും തമ്മിൽ ടെലിപ്രിൻറർ ബന്ധം ഏർപ്പെടുത്തിയതു് മാതൃഭൂമിയാണ്. പിന്നീട് ജില്ലാതലസ്ഥാനങ്ങളും മാതൃഭൂമിയുമായി ടെലിപ്രിൻറർ ബന്ധമുണ്ടാക്കി, എറണാകുളത്തു് ഒരു എഡിഷൻ തുടങ്ങി. അതിന വേണ്ട കെട്ടിടങ്ങളും യന്ത്രസാമഗ്രികളും മററും സംഭരിച്ചു. ഇങ്ങനെ 'വികസി'ക്കുന്നതിന് എതിരായ ശക്തികഠം മാതൃഭൂമിയുടെ അയലത്തുതന്നെ കുറവായിരുന്നില്ല. തന്റെ പ്രവർത്തനങ്ങളിൽ പൂർണമായ പിന്തുണ വി. എം. നായർക്ക ലഭിച്ചിരുന്നുവെങ്കിൽ മാതൃഭൂമി ഇന്നത്തെക്കാഠം എത്രയോ വലിയ ഒരു പത്രശൃംഖലയും പുസ്തകപ്രകാശനസ്ഥാപനവുമൊക്കെയായിത്തീരുമായിരുന്നു.

കേരളത്തിലെ ഒരു പത്രത്തിന്റെ പ്രവർത്തനത്തിൽ കാതലായ ഒരു ഭാഗം ബോംബെ, ദൽഹി, കൽക്കത്ത മുതലായ മഹാനഗരങ്ങളിലാണ് നടത്തേണ്ടതെന്ന മനസ്സിലാക്കിയതാണ് വി. എം. നായരുടെ മറെറാരു വിജയരഹസ്യം. ഉല്പാദനച്ചെലവിനെക്കാഠം വളരെ താഴ്ന്ന വിലയ്ക്കു വിൽക്കേണ്ട ഒരേ ഒരു ചരക്ക്, മുതലാളിത്ത വ്യവസ്ഥിതിക്ക കീഴിൽ പത്രം മാത്രമായിരിക്കും. അങ്ങനെ വില താഴ്ത്തി പത്രം വിൽക്കാൻ കഴിയണമെങ്കിൽ 'പത്രസ്ഥലം' വില കൂട്ടി വിൽക്കണം. അതായതു്, പത്രത്തിൽ ധാരാളം പരസ്യങ്ങഠം സമ്പാദിക്കണം. ഇതിന്ന പ്രവർത്തിക്കേണ്ടതാകട്ടെ, കേരളത്തിന്ന പുറത്താണുതാനും. വി. എം.

നായർ ഈ ബിസിനസ്വശത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു. മാതൃഭൂമിയുടെ ത്വരിതമായ വളർച്ചയുടെ പിന്നിലുണ്ടായിരുന്നതു് ഈ ശ്രദ്ധയത്രേ. വ്യവസായ വളർച്ചയ്ക്കു് അഖിലേന്ത്യാബന്ധങ്ങളം ഉണ്ടായേ കഴിയൂ. ഐ. ഇ. എൻ. എസ്സ്. ഉണ്ടായ കാലത്തു് മാതൃഭൂമിക്കു് അതുമായി നിസ്സാരമായ ബന്ധമേ ഉണ്ടായിരുന്നുള്ളൂ. ദൽഹിയിലെ ഐ. ഇ. എൻ. എസ്സ്. കെട്ടിടത്തിൽ മററാരോ വാടകയ്ക്കെടുത്ത മുറിയിലാണു് മാതൃഭൂമിയുടെ ദൽഹി ആഫീസ് എത്രയോ വർഷങ്ങളോളം നടന്നുവന്നിരുന്നതു് എന്നറിഞ്ഞിട്ടുള്ളവർ കുറവായിരിക്കും. 1950 വരെ തലസ്ഥാനത്തിൽ മാതൃഭൂമിക്കു് ഒരു ലേഖകൻപോലുമുണ്ടായിരുന്നില്ല. മറെറാരു പത്രത്തിൽ അക്രെഡിറേറഷൻ എടുത്ത ഒരു ലേഖകൻ മാതൃഭൂമിക്കു് വാർത്തകളയച്ചുകൊണ്ടിരുന്നു എന്നു മാത്രം. ഇക്കാരണങ്ങളാൽ ഉണ്ടായിക്കൊണ്ടിരുന്ന ദൗർബല്യങ്ങളം കണ്ടറിഞ്ഞു പരിഹരിച്ചതു് വി. എം. നായരാണു്. മരിക്കുമ്പോഴം അദ്ദേഹം ഐ. ഇ. എൻ. എസ്സിൻെറ പ്രസിഡണ്ടായിരുന്നു. സമാചാറിൻെറ ഡയറക്ടർ ബോർഡിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്. കേരള പത്രയുടമ സംഘത്തിൻെറ പ്രസിഡണ്ടു് അദ്ദേഹമായിരുന്നു. പത്രമെന്ന 'ബിസിനസ്' നടത്താൻ ഇത്തരം ബന്ധങ്ങളം പരമാവധി ഉപയോഗപ്പെടുത്തേണ്ടിവരുമെന്നു് അദ്ദേഹം ശരിക്കും മനസ്സിലാക്കിയിരുന്നു.

ഒരു വ്യവസായ നേതാവു് സ്വന്തം സ്ഥാപനത്തിനു പുറത്തുള്ളവരോടെന്നപോലെ അതിനകത്തുള്ളവരോടും നല്ല ബന്ധങ്ങളം പുലർത്തേണ്ടതുണ്ടു്. വി. എം. നായരെ സംബന്ധിച്ചിടത്തോളം മാതൃഭൂമി സ്ഥാപനത്തിലെ ജീവനക്കാരുമായുള്ള ബന്ധത്തിൽ പിരിമുറുക്കം വന്ന ഏതാനും ഘട്ടങ്ങൾ ഉണ്ടാകാതിരുന്നില്ല. എങ്കിലും, നിർണായക മുഹൂർത്തത്തിൽ വിട്ടുവീഴ്ച ചെയ്യാനും സമാധാനവും സാധാരണ രീതിയിലുള്ള പ്രവർത്തനം പുനഃസ്ഥാപിക്കാനും അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. അർത്ഥമില്ലാത്ത അന്തസ്സിൽ കടിച്ചുതൂങ്ങിക്കിടക്കുന്ന സ്വഭാവം, ഏതായാലും അദ്ദേഹത്തിനുണ്ടായിരുന്നില്ല.

പത്രത്തിൻെറ വ്യാവസായികവശങ്ങളിൽ ശ്രദ്ധിക്കുമ്പോഴം അതിൻെറ സാഹിത്യപരവും രാഷ്ട്രീയവും മററുമായ വശങ്ങളം അദ്ദേഹം ശ്രദ്ധിക്കാതിരുന്നില്ല. ഇക്കാര്യങ്ങളിൽ തൻെറ കഴിവുററ സഹപ്രവർത്തകരുടെ അകമഴിഞ്ഞ സഹായം അദ്ദേഹത്തിനുണ്ടായിരുന്നു; എങ്കിലും ഒരു പത്രപ്രവർത്തകനെന്ന നിലയിൽ അദ്ദേഹത്തിൻെറ മഹത്വം മുഖ്യമായും മാതൃഭൂമി പത്രത്തെ ഒരു ആധുനിക വ്യവസായസ്ഥാപനമായി വളർത്തിക്കൊണ്ടു വന്ന സമ്പ്രദായത്തിലാണു് തേടേണ്ടതെന്നു തോന്നുന്നു.

പത്രപ്രവർത്തകനെ വിട്ടു് വ്യക്തിയായ വി. എം. നായരെപ്പററി നമുക്കു ചിന്തിക്കുക: ഇത്ര ഉദാരവും മധുരവുമായ വ്യക്തിത്വത്താൽ അനുഗ്രഹിക്കപ്പെട്ടവർ നമ്മുടെ ഈ കാലത്തു് അധികമൊന്നുമുണ്ടാവില്ല. ശ്രുതിപ്പെട്ടതാണു് അദ്ദേഹത്തിൻെറ ആതിഥേയത്വം. എന്നും വിശ്വസിക്കാവുന്നതായിരുന്നു അദ്ദേഹത്തിൻെറ സൗഹാർദം.

അദ്ദേഹവുമായി വളരെ അടുത്തു പെരുമാറാൻ അവസരമുണ്ടായിട്ടുള്ള എന്നെ ഏററവുമധികം ആകർഷിച്ച അദ്ദേഹത്തിൻെറ വ്യക്തിത്വഘടകം ശ്രീമതി ബാലാമണിയമ്മയുമായുള്ള അദ്ദേഹത്തിൻെറ സവിശേഷബന്ധമായിരുന്നു. 1950-ൽ ഞാൻ ആദ്യമായി പരിചയപ്പെട്ടപ്പോഴംതന്നെ, ഏറെക്കുറെ ഐഹിക ബന്ധങ്ങളിൽനിന്നു് അകന്നു് സ്വന്തമായ ഒരാശയലോകത്തിൽ ('സ്വപ്നലോകം' എന്നു് അതിനെപ്പററി പറയുന്നതു് ശരിയായിരിക്കയില്ല). മുഴകിക്കഴിയുന്ന മട്ടായിരുന്നു ശ്രീമതി ബാലാമണിയമ്മയ്ക്കു്. ചായയ്ക്കു മധുരമില്ലെങ്കിലോ, പാചകനെ കാണാതായാലോ, മന്ത്രിസഭ തകർന്നുവീണാലോ, രാജ്യാതിർത്തി ആക്രമിക്കപ്പെട്ടാലോ,

അതൊന്നും അവരെ ബാധിക്കുകയില്ല. അവർ ഇതൊന്നും അറിഞ്ഞിരുന്നില്ലെന്നുതന്നെ തോന്നി. തന്റെ പത്നിയുടെ ഈ സവിശേഷ സ്വഭാവം മനസ്സിലാക്കുക മാത്രമല്ല, അതിനെ അങ്ങേയററം ആദരിക്കുകകൂടി ചെയ്തിരുന്നു വി. എം. നായർ. ബാലാമണിയമ്മയുടെ അനന്യാദൃശമായ കവിത്വസിദ്ധിക്കു നൽകപ്പെടേണ്ട വിലയാണ് അവരുടെ ഈ സ്വഭാവ സവിശേഷതയെന്ന് അദ്ദേഹം നല്ലപോലെ അറിഞ്ഞു. 'കട്ടി'യെ (ബാലാമണിയമ്മയെ അദ്ദേഹം അങ്ങനെയാണ വിളിക്കററ്.) എല്ലാത്തരം അല്ലലുകളിൽനിന്നും ആശങ്കകളിൽനിന്നും അകററിനിർത്തി, അവരുടേതു മാത്രമായ ആ ആശയലോകത്തിൽ സ്വച്ഛന്ദം വിഹരിക്കാൻ വിടുന്നതിലേറെ കാമ്യമായ എന്തെങ്കിലുമൊന്ന് തന്റെ ജീവിതംകൊണ്ടു നേടാനുണ്ടെന്ന് അദ്ദേഹം കരുതിയിരുന്നില്ലെന്നു തോന്നി.

വി. എം. നായരുടെ രോഗശയ്യയിലിരിക്കുന്ന ബാലാമണിയമ്മയെ ഞാൻ കണ്ടു. മകരം സുലോചന അടക്കിയ സ്വരത്തിൽ അവർക്ക് എന്തോ വായിച്ചുകൊടുക്കുകയായിരുന്നു. വി. എം. നായരുടെ ഗതപ്രാണമായ ശരീരത്തിനടുത്ത് മറെറാരു മുറിയിൽ നിശ്ശബ്ദയായി കിടന്നിരുന്ന ബാലാമണിയമ്മയെയും ഞാൻ കണ്ടു വി. എം. നായരെപ്പററി ഈ വാക്കുകരം കുറിക്കുമ്പോരം എന്റെ ഹൃദയം ബാലാമണിയമ്മയെപ്പററിയുള്ള അനേകമനേകം സ്മരണകളാൽ നിറഞ്ഞുനില്ക്കുകയാണ്. ഏതു ദുഃഖത്തെയും സ്വാഗതം ചെയ്യുന്നതിനു കരുത്തുള്ള ഇരുത്തംവന്ന ദാർശനികബോധം ബാലാമണിയമ്മയ്ക്കുണ്ട്. പക്ഷേ, ആ സ്ഥിതപ്രജ്ഞത നേടാനാകാത്ത എന്നെപ്പോലുള്ളവർ അവരെയോർത്ത്, അവരുടെ ഗംഭീരമൂകമായ ദുഃഖത്തെയോർത്ത് വ്യാകുലരാകാകാതിരിക്കുന്നതെങ്ങനെ?

# 80. പ്രതിവാദി ഭയങ്കര വെങ്കടാചാര്യ

1978 ജൂൺ 8—ാം തീയതിയിലെ ഹിന്ദുപത്രത്തിൽ കാക്കിനാഡയിലെ ലേഖകൻ അയച്ച, താഴെ ചേർക്കുന്ന ചരമവാർത്ത പ്രസിദ്ധപ്പെടുത്തിയിരുന്നു.

'ഭയങ്കരാചാരി എന്നുകൂടി വിളിക്കപ്പെട്ടിരുന്ന പ്രതിവാദി ഭയങ്കര വെങ്കടാചാര്യ (69 വയസ്സ്) ഇവിടത്തെ ഗവണ്മെൻറ് ജനറൽ ആസ്പത്രിയിൽവെച്ച ദീർഘകാലരോഗത്തെ തുടർന്ന് കഴിഞ്ഞ തിങ്കളാഴ്ച (ജൂൺ 5) അന്തരിച്ചു. അദ്ദേഹമൊരു പഴയ കോൺഗ്രസ്സുകാരനും സ്വാതന്ത്ര്യ യോദ്ധാവുമായിരുന്നു. കാക്കിനാഡ ബോംബ് കേസ്സിൽ അദ്ദേഹത്തിനു ജീവപര്യന്തം തടവുശിക്ഷ വിധിച്ചിരുന്നു. ആൻഡമാൻ ദ്വീപിൽ അഞ്ചു വർഷത്തെ ജയിൽവാസത്തിനു ശേഷം അന്നത്തെ സംയുക്ത മദ്രാസ് സ്റ്റേററിൽ മുഖ്യമന്ത്രിയായിരുന്ന സി. രാജഗോപാലാചാരി അദ്ദേഹത്തെ വിട്ടയയ്ക്കുകയുണ്ടായി. ഉപ്പുസത്യാഗ്രഹത്തിൽ അദ്ദേഹം പ്രമുഖമായ പങ്കു വഹിച്ചു. അദ്ദേഹത്തിന് ഒരു താമ്രപത്രം നൽകപ്പെട്ടിരുന്നു. കുറെ കാലത്തേക്ക് അദ്ദേഹം ഇന്ത്യാ ഗവണ്മെൻറിന്റെ ഫീൽഡ് പബ്ളിസിററി ആഫീസ്സറായി ജോലി ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരും ഒരു പുത്രിയും ജീവിച്ചിരിക്കുന്നു.'

കേരളത്തിൽ എത്രപേർ ഈ വാർത്ത ശ്രദ്ധിച്ചിട്ടുണ്ടാവുമെന്ന് അറിഞ്ഞുകൂടാ. എന്നാൽ, എന്റെ ജീവിതവുമായി ഭയങ്കരാചാര്യ ഒരു കാലത്ത് കുറെയൊക്കെ ബന്ധപ്പെട്ടിരുന്നു. ആ സുഹൃത്തിന് അന്തിമാഭിവാദ്യങ്ങരം അർപ്പിക്കാൻ ഞാൻ കടപ്പെട്ടവനാണ്.